## ശുചീകരണത്തിനുശേഷം

- തുടർമലിനീകരണം ഒഴിവാക്കാൻ ക്യാമറകൾ സ്ഥാപിക്കലും ജനകീയ വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കലും
- നീർച്ചാലിലെത്തുന്ന മുഴുവൻ ഓടകളും പരിശോധിച്ച് അവയിലേയ്ക്ക് മലിനജലം ഒഴുക്കുന്നില്ലെന്ന് ഉറപ്പാക്കൽ
- നീർച്ചാലുകളുടേയും തോടുകളുടേയും സംരക്ഷണം, ജലസംഭരണം എന്നിവയ്ക്കാവശ്യമായ നിർമ്മാണ പ്രവൃത്തികൾ അനുയോജ്യമായ ഫണ്ടുകൾ പ്രയോജനപ്പെടുത്തി നടപ്പാക്കൽ
- നീർച്ചാൽ/പുഴയുമായി ബന്ധപ്പെട്ടുള്ള കൈയ്യേറ്റങ്ങൾ തിട്ടപ്പെടുത്തലും ഒഴിപ്പിക്കലും
- കൈയ്യേറ്റങ്ങൾ ഒഴിപ്പിച്ച് വീണ്ടെടുക്കുന്ന സ്ഥലങ്ങളിലുൾപ്പെടെ പച്ചത്തുരുത്ത്, പ്രാദേശിക വിനോദസഞ്ചാര കേന്ദ്രം, ഉദ്യാനങ്ങൾ, പാർക്കുകൾ തുടങ്ങിയവ നിർമ്മിക്കൽ
- വീണ്ടെടുത്ത ജലസ്രോതസിനെ പ്രയോജനപ്പെടുത്തിയുള്ള കൃഷി വ്യാപനം

## വരൂ കൈകോർക്കാം

- നീർച്ചാലുകൾ മാലിന്യമുക്തമാക്കുന്ന ജനകീയ യജ്ഞത്തിൽ പങ്കാളികളാകാം.
- ജലസ്രോതസ്സുകളിലേയ്ക്ക് മാലിന്യങ്ങൾ വലിച്ചെറിയുന്നതും ഒഴുക്കി വിടുന്നതും ഒഴിവാക്കാം. അങ്ങനെചെയ്യുന്നവരെ അതിൽ നിന്നും പിന്തിരിപ്പിക്കാം.
- ജലസ്രോതസ്സുകൾ നശിപ്പിക്കുന്ന നിയമലംഘനങ്ങൾ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്താം.
- വീടുകളിലെ കക്കൂസ് കുഴികൾ സുരക്ഷിത സെപ്ടിക് ടാങ്കുകളാക്കി മാറ്റി അവയിൽ നിന്നും ജലസ്രോതസുകൾ മലിനപ്പെടുത്തുന്നത് ഒഴിവാക്കുന്നതിലൂടെ ജലജന്യ രോഗങ്ങൾ തടയാം.
- സുരക്ഷിത സെപ്ടിക് ടാങ്കുകൾ സ്ഥാപിക്കുന്നതിന് സാമ്പത്തിക പിന്തുണ ആവശ്യമുള്ളവരുടെ വിവരങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ശ്രദ്ധയിൽപ്പെടുത്താം.
- മഴവെള്ളം കഴിയുന്നത്ര മണ്ണിൽ താഴ്ത്താം.
- അജൈവ പാഴ്വസ്തുക്കൾ തരംതിരിച്ച് സൂക്ഷിച്ച് ഹരിതകർമ്മസേനയ്ക്ക് കൈമാറുകളും യൂസർഫീ നൽകുകയും ചെയ്യുന്നതുൾപ്പെടെ തദ്ദേശ സ്വയംഭരണ സ്ഥാപനം ഏർപ്പെടുത്തുന്ന മാലിന്യ സംസ്കരണ സംവിധാനങ്ങ ളോട് സഹകരിക്കാം.



കേരള സർക്കാർ

**മാലിന്യമുക്തം നവകേരളം**
**ജനകീയ ക്യാമ്പയിൻ**

# ഇനി ഞാൻ ഒഴുകട്ടെ

**മൂന്നാം ഘട്ടം**

ജലസ്രോതസ്സുകളുടെ ജനകീയ വീണ്ടെടുപ്പ്



ജലസ്രോതസുകളുടെ വീണ്ടെടുപ്പിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും ഏകോപനത്തോടെ ഹരിതകേരളം മിഷൻ നടപ്പാക്കിയ ക്യാമ്പയിനാണ് 'ഇനി ഞാനൊഴുകട്ടെ'.

ഒന്നാംഘട്ടത്തിൽ തിരഞ്ഞെടുത്ത നീർച്ചാലുകളും കുളങ്ങളും വീണ്ടെടുത്ത ഈ ക്യാമ്പയിന്റെ രണ്ടാം ഘട്ടത്തിൽ തിരഞ്ഞെടുത്ത നീർച്ചാൽ ശൃംഖലകൾ വീണ്ടെടുക്കുന്ന പ്രവർത്തനത്തിനാണ് പ്രാധാന്യം നൽകിയിരുന്നത്.

സംസ്ഥാനത്ത് ഇപ്പോൾ നടന്നുവരുന്ന മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി ഒന്നാം നിര മുതൽ മൂന്നാം നിരവരെയുള്ള മുഴുവൻ നീർച്ചാലുകളേയും മാലിന്യമുക്തമാക്കി മാറ്റി വീണ്ടെടുക്കാൻ ലക്ഷ്യമിട്ട് ഇനി ഞാനൊഴുകട്ടെ മൂന്നാംഘട്ടത്തിന് തുടക്കമാവുകയാണ്.

ഹരിതകേരളം മിഷൻ രൂപീകരണ ദിനമായ 2024 ഡിസംബർ 8 ന് തുടക്കം കുറിച്ച് മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ സമാപന തീയതിയായ 2025 മാർച്ച് 30 ന് സമാപിക്കും വിധത്തിലാണ് ഇനി ഞാനൊഴുകട്ടെ മൂന്നാം ഘട്ടം വിഭാവനം ചെയ്തിട്ടുള്ളത്.

## മൂന്നാംഘട്ടം

**ലക്ഷ്യം** : സംസ്ഥാനത്തെ ഒന്നാം നിര മുതൽ മൂന്നാം നിരവരെയുള്ള മുഴുവൻ നീർച്ചാലുകളേയും മാലിന്യ രഹിതമാക്കി വീണ്ടെടുക്കൽ.

## നടപ്പാക്കൽ രീതി

- തദ്ദേശ സ്വയംഭരണ സ്ഥാപന ഭരണ സമിതിയുടേയും സാങ്കേതിക സമിതിയുടേയും സംയുക്തയോഗം ചേർന്ന് ഗ്രാമപഞ്ചായത്ത്/നഗരസഭാ പ്രദേശത്തെ മുഴുവൻ നീർച്ചാലുകളേയും പട്ടികപ്പെടുത്തൽ.
- ഓരോ നീർച്ചാൽ/തോട്/പുഴയുമായും ബന്ധപ്പെട്ട പ്രദേശത്തെ ജനങ്ങളെയും ജനകീയ സംഘടനകളെയും ഉൾപ്പെടുത്തി പ്രാദേശിക സംഘാടക സമിതികൾ രൂപീകരിക്കൽ.
- ജനകീയമായി വീണ്ടെടുക്കാൻ കഴിയാത്ത ജലസ്രോതസ്സുകൾക്കായി പ്രോജക്ട് വകയിരുത്തൽ.
- ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധിപ്പിച്ച് നടത്താൻ കഴിയുന്ന പ്രവൃത്തികൾ അത്തരത്തിൽ നടപ്പാക്കൽ.



ഇനി ഞാൻ ഒഴുകട്ടെ

നീർച്ചാലുകളുടെ ജനകീയ വീണ്ടെടുപ്പ്

- ജനകീയ നീർച്ചാൽ വീണ്ടെടുക്കലും മലിനീകരണ സ്രോതസുകൾ കണ്ടെത്തലും
- മലിനീകരണ സ്രോതസുകൾ അടയ്ക്കുന്നതിനുള്ള ജനകീയ ഇടപെടലുകളും നിയമനടപടികളും.
- ജലസ്രോതസ്സിലെത്തുന്ന ഖര-ദ്രവ മാലിന്യങ്ങൾ തടയാൻ മാലിന്യ സംസ്കരണ സംവിധാനങ്ങൾ.
- ആവശ്യമുള്ള സ്ഥലങ്ങളിൽ അവയ്ക്കായുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തൽ
- ഒന്നിലധികം തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശങ്ങളിലൂടെ ഒഴുകുന്ന നീർച്ചാലുകൾ/തോടുകൾ ബ്ലോക്ക്/ജില്ലാ സാങ്കേതിക സമിതിയുടെ നേതൃത്വത്തിൽ സംഘാടക സമിതികൾ രൂപീകരിച്ച് ശുചീകരണവും വീണ്ടെടുക്കലും.
- അപകടങ്ങൾ ഒഴിവാക്കാൻ ആരോഗ്യവകുപ്പ്, പോലീസ്, ഫയർ ഫോഴ്സ് എന്നിവയുടെ പിന്തുണ ഉറപ്പാക്കൽ.